# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.731 28.09.2011 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ അണക്കെട്ട് 'ഡീകമ്മീഷനിംഗ്'

**ചോദ്യം** **ഉത്തരം**

ശ്രീ. പി.എ. മാധവൻ
ശ്രീ.വി. ഡി. സതീശൻ
ശ്രീ.വി. റ്റി. ബൽറാം
ശ്രീ.സണ്ണി ജോസഫ്

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവമന്ത്രി)

<table>
<tr><td>(എ) മുല്ലപ്പെരിയാർ അണക്കെട്ട് 'ഡീ കമ്മീഷനിംഗ്' ചെയ്യുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;</td><td>(എ) നിലവിലുള്ള മുല്ലപ്പെരിയാർ ഡാം പൊളിച്ചുമാറ്റുന്നതിനുവേണ്ടി എൻ.ഐ.റ്റി, കോഴിക്കോടിന്റേത് ഉൾപ്പെടെ മൂന്ന് നിർദ്ദേശങ്ങൾ കേരള ഗവൺമെന്റ് പരിഗണിച്ചു വരികയാണ്.</td></tr>
<tr><td>(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുമ്പോൾ നിലവിലുള്ള ഡാം എന്തു ചെയ്യണമെന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ ;</td><td rowspan="2">(ബി)&(സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുമ്പോൾ നിലവിലുള്ള ഡാം എന്തു ചെയ്യണമെന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ പുതിയ മുല്ലപ്പെരിയാർ ഡാമിൻെറ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഈ മാസം 30-ാം തിയതിക്ക് തന്നെ ഉന്നതാധികാരസമിതിക്ക് സമർപ്പിക്കുന്നതാണ്.</td></tr>
<tr><td>(സി) സുപ്രിംകോടതിയുടെ ഉന്നത അധികാര സമിതി മുൻപാകെ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ ;</td></tr>
<tr><td>(ഡി) പുതിയ ഡാം നിർമ്മിക്കുമ്പോൾ പഴയ ഡാമിന്റെ ' ഡീ കമ്മീഷനിംഗ്' സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാത്തത് വീഴ്ചയായി കരുതുന്നുണ്ടോ?</td><td>(ഡി) ഇല്ല</td></tr>
</table>

സെക്ഷൻ ഓഫീസർ